പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2946 02.04.2013 -ൽ മറുപടിക്ക്

**എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. പി.റ്റി.എ. റഹീം :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ പ്രതിപക്ഷ എം.എൽ.എ. മാർ നൽകുന്ന നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പൊതുമരാമത്ത് വകുപ്പിൽ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇതുവരെ എത്ര കോടി രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇതുവരെ 191 പ്രവൃത്തികൾക്കായി 14814.20 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു. |

**Annexure**

| | | |
|---|---|---|
| GED | 141 | 10295.20 |
| H&FWD | 32 | 2691.00 |
| PWD | 5 | 545.00 |
| H.Edn | 2 | 110.00 |
| Tax Department | 3 | 185.50 |
| Cultural Affairs Department | 3 | 530.00 |
| Revenue Department | 2 | 58.00 |
| LSGD | 1 | 200.00 |
| Sports & TA | 2 | 200.00 |

| | | |
|---|---|---|
| TOTAL | 191 | 14814.20 |

നിരത്തുകളും പാലങ്ങളും വിഭാഗം

ഈ വിഭാഗത്തിനു കീഴിൽ 225 പ്രവൃത്തികൾക്കായി 186.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (വിശദമായ പട്ടിക ഉള്ളടക്കം ചെയ്തിട്ടുണ്ട്).

ദേശീയപാതാ വിഭാഗം

മലപ്പുറം ജില്ലയിലെ എൻ.എച്ച് 213-ൽ കുന്തിപ്പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ വീതി കൂട്ടൽ പണികൾക്ക് 7.34 കോടി രൂപയുടെയും കോഴിക്കോട് ജില്ലയിൽ കാരന്തൂർ, കുന്ദമംഗലം ജംഗ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തലിനുവേണ്ടി 1.08 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി നല്കിയിട്ടുള്ളതിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് :

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 123 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) എത്ര കോടി ചെലവ് പ്രതീക്ഷിക്കുന്ന നിർദ്ദേശങ്ങളാണ് എം.എൽ.എ. മാർ നൽകിയിരുന്നതെന്ന് വിശദമാക്കുമോ :

(ഡി) കെട്ടിട വിഭാഗത്തിൽ 448 പ്രവൃത്തികൾക്കായി 348.644 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർദ്ദേശങ്ങളാണ് എം.എൽ.എ. മാർ ഇതുവരെ നൽകിയിരിക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ 316 പ്രവൃത്തികൾക്ക് 274.60 കോടി രൂപയുടെ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു.

(ഇ) ഭരണാനുമതി നൽകിയിട്ടുള്ളതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ : പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ :

(ഇ) പ്രവൃത്തികൾ ഒന്നും പൂർത്തിയായിട്ടില്ല. സാങ്കേതികാനുമതികൾ നൽകി പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ പണിയുടെ ടെണ്ടർ സർക്കാർ പരിശോധിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ പണിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

(എഫ്) എം.എൽ.എ. മാർ നിർദ്ദേശിച്ച എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ടോ : ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ :

(എഫ്) & (ജി)

ഇല്ല. നടപടികൾ പുരോഗമിച്ചു വരുന്നു.

(ജി) നടപ്പുസാമ്പത്തിക വർഷം

| | |
|---|---|
| എം.എൽ.എ. മാർ നിർദ്ദേശിച്ചിട്ടുള്ളതും എന്നാൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ കാര്യത്തിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ : | |
| (എച്ച്) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ തുടർ നടപടികൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ ? | (എച്ച്) ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**